"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തികവർഷം കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി വകയിരുത്തിയിട്ടുള്ള പദ്ധതീതര വിഹിതത്തിൽ (നോൺ പ്ലാൻ) നിന്നും രണ്ടാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യ നീതി (എ ) വകുപ്പ്**

സ.ഉ.(സാധാ) നം.323/2025/SJD തീയതി,തിരുവനന്തപുരം, 27-12-2025

---

പരാമർശം:-
1. 19.07.2025-ലെ സ. ഉ. (സാധാ) നമ്പർ. 194/2025/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
2. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 13.08.2025-ലെ കെ.എസ്. എച്ച്.പി.ഡബ്ല്യൂ.സി/505/2024-എ.5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ വികസന കോർപ്പറേഷൻ ലിമിറ്റഡിന് 2235-02-190-98-നോൺ പ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി 30,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും പരാമർശം 1-പ്രകാരം ആദ്യ ഗഡു ധനസഹായമായി 12,00,000/- രൂപ അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും 10,00,000/- രൂപ കൂടി പ്രസ്തുത കോർപ്പറേഷന്റെ ചെലവുകൾക്കും ജീവനക്കാരുടെ സാലറി നൽകുന്നതിനുമായി റിലീസ് ചെയ്ത് കോർപ്പറേഷന്റെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ. 701011400000173) നിക്ഷേപിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ടി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം 2-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി 2235-02-190-98-നോൺ പ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി വകയിരുത്തിയിട്ടുള്ള 30,00,000/- രൂപയിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) രണ്ടാം ഗഡു ധനസഹായമായി ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ടി കോർപ്പറേഷന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) 16/04/2018-ലെ സ. ഉ. (പി) നമ്പർ. 62/18/ധന-യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക

ട്രഷറിയിലെ PSTSB അക്കൗണ്ടിൽ (non interest bearing) മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ

2) 09/12/2008-ലെ സർക്കുലർ നമ്പർ. 84/2008/ധന-ലെയും 30.01.2018-ലെ സർക്കുലർ നമ്പർ.08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ.(കൈ)നമ്പർ.04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ 11.09.2020-ലെ സ.ഉ.(കൈ)നമ്പർ.93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ
കോർപ്പറേഷൻ ലിമിറ്റഡ്, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ (പി.യു.-സി) വകുപ്പ് (21.12.2025-ലെ 3184972/പി.യു.-സി.4/
107/2025-ധന നമ്പർ കുറിപ്പ് പ്രകാരം)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 29-12-2025 10:49:55
സെക്ഷൻ ഓഫീസർ